# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോട്ടയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KNR/C8/422/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/04/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KNR/C8/422/2021 തീയ്യതി: 26/04/2021

## കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2020 മുതൽ 15-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശശികുമാർ എം.പി. | ഡെപ്യൂട്ടി ഡയറക്ടർ, ഹ.ഗ്രേ. | 04-03-2021 | 18-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-03-2021 | 18-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഗിരിജ കല്യാടൻ ഓഡിറ്റ് ഓഫീസർ
ശ്രീ ഷഹീൻ പി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (04-03-2021 മുതൽ 09-03-2021 വരെ)

ശ്രീമതി ശ്രീജ കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ടി ഷബ്ന | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി മഞ്ജുഷ പി.എൻ. | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനീത് പി.വി. | കൃഷി ഓഫീസർ | 01-04-2019 | 13-11-2019 |
| ശ്രീ.സ്വരൂപ് പി.എസ്. | കൃഷി ഓഫീസർ | 14-11-2019 | 31-03-2020 |
| ശ്രീമതി റഫ്സീന കെ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 22-10-2019 | 30-10-2019 |
| ശ്രീമതി ശ്രീജ ബാടി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 31-10-2019 | 31-03-2020 |
| ശ്രീമതി രേഷ്മ വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 01-06-2019 |
| ശ്രീമതി സുമതി കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 02-06-2019 | 27-12-2019 |
| ശ്രീമതി രസ്ന സദൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 28-12-2019 | 31-03-2020 |
| ഡോ.വിനീത ജനാർദ്ദനൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ.മുഹമ്മദ് പി. | മെഡിക്കൽ ഓഫീസർ (ജി.എ.ഡി.) | 01-04-2019 | 31-03-2020 |
| ഡോ.പി. ഷൈജി | വെറ്റിനറി സർജൻ | 01-04-2019 | 11-10-2019 |
| ഡോ.ആശ കെ.പി. | വെറ്റിനറി സർജൻ | 12-10-2019 | 31-03-2020 |
| ശ്രീമതി ഗീത | ഹെഡ്മാസ്റ്റർ | 01-04-2019 | 31-05-2019 |

| | | | |
|---|---|---|---|
| എരോത്ത് | | | |
| ശ്രീമതി സംസ്മിത എം. | ഹെഡ്മാസ്റ്റർ | 01-06-2019 | 03-06-2019 |
| ശ്രീമതി ലളിത പി.വി. | ഹെഡ്മാസ്റ്റർ | 04-06-2019 | 31-03-2020 |
| ശ്രീ. ഗിരീഷ് എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 10-07-2019 |
| ശ്രീ. രാജീവൻ ടി. | അസിസ്റ്റന്റ് എഞ്ചിനീയർ | 11-07-2019 | 16-07-2019 |
| ശ്രീ. സുധീർ എം.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 17-07-2019 | 31-03-2020 |
| ശ്രീ. രാജീവൻ സി. | ഹെഡ് ക്ലർക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ അധിക ചുമതല | 01-04-2019 | 01-08-2019 |
| ശ്രീമതി ഷീജ എം. | അസിസ്റ്റന്റ് സെക്രട്ടറി | 02-08-2019 | 31-03-2020 |
| ശ്രീ. സന്തോഷ് മമ്മാലി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 21-10-2019 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaheen.P (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-04-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Shaheen.P (Asst. Audit Officer, On 19-03-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 19-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Shaheen.P (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-04-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shaheen.P (Asst. Audit Officer, On 19-03-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 19-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Girija Kalliadan (Audit Officer, On 19-03-2021)<br>Last Updated By: Girija Kalliadan (Audit Officer, On 19-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Shaheen.P (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം<br>Written By: Sreeja.K (Auditor, On 14-03-2021)<br>Last Updated By: Sreeja.K (Auditor, On 14-03-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Shaheen.P (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaheen.P (Asst. Audit Officer, On 19-03-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 19-03-2021) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Shaheen.P (Asst. Audit Officer, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-11 |
| 12 | തൊഴിൽ നികുതി- യഥാർത്ഥ വരുമാനം കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.<br>Written By: Sreeja.K (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-12 |
| 13 | തൊഴിൽ നികതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്<br>Written By: Sreeja.K (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-13 |
| 14 | പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കൽ- ഒറ്റതവണ നികുതി അടച്ചരേഖകൾ ആവശ്യപ്പെടേണ്ടതാണ്<br>Written By: Sreeja.K (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-04-2021) | 1-14 |
| 15 | പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നു. | 1-15 |

| | | |
|---|---|---|
| | Written By: Sreeja.K (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | |
| 16 | പി എച്ച് സി കോൺഫറൻസ് ഹാളിലേക്ക് മൈക്ക് സെറ്റ് വാങ്ങൽ- ടെണ്ടർ രേഖകൾ ലഭ്യമല്ല.49388 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sreeja.K (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-16 |
| 17 | ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-17 |
| 18 | അംഗൻവാടി പ്രവർത്തനം- അവലോകനം<br>Written By: Sreeja.K (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-18 |
| 19 | പദ്ധതികളുടെ മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.<br>Written By: Sreeja.K (Auditor, On 19-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-19 |
| 20 | പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങു ന്നതിന് കെൽട്രോണിന് തുക അനുവദിച്ചിട്ടും ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല - 54855/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Girija Kalliadan (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-20 |
| 21 | റിഫ്രഷ്മെന്റ് ചാർജ്ജ് അനുവദിച്ചതു : തുക തിരികെ ലഭ്യമാക്കേണ്ടതാണ്<br>Written By: Girija Kalliadan (Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-21 |
| 22 | സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി - അതുല്യം;- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ;- 25000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Shaheen.P (Asst. Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-22 |
| 23 | ആവശ്യപ്പെട്ട മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല<br>Written By: Sreeja.K (Auditor, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-04-2021) | 1-23 |
| 24 | മരാമത്ത് പ്രവ്യത്തികളുടെ നിർവ്വഹണ-മോണിറ്ററിംഗ് ഘട്ടങ്ങൾ കാര്യക്ഷമമാക്കണം<br>Written By: Shaheen.P (Asst. Audit Officer, On 20-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 18-03-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 18-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 18-03-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 18-03-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Shaheen.P (Asst. Audit Officer, On 18-03-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 18-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shaheen.P (Asst. Audit Officer, On 18-03-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 18-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaheen.P (Asst. Audit Officer, On 18-03-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 18-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 18-03-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 18-03-2021) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികൾ സംബന്ധിച്ച വിവരങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 18-03-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 18-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaheen.P (Asst. Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളെ സംബന്ധിച്ചുള്ള വിവരങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 18-03-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റമെന്റ് | |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

25-02-2019 തീയതിയിലെ 2/38/2019 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് . 17-02-2020 തീയതിയിലെ 39/2020 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 17-06-2020 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 48594072 |
| വരവ് | 34018212 |
| ആകെ | 82612284 |
| ചെലവ് | 73318200 |
| നീക്കിയിരിപ്പ് | 9294084 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,29,243 |

### 1-4 ഫണ്ട് വിനിയോഗം

2019-20

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂബിൽ | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | | 7542000 | 7542000 | 6607398 | 542187 | 392415 |
| വികസനഫണ്ട് (എസ്.സി. പി) | | 692000 | 692000 | 692000 | | |
| വികസനഫണ്ട് (ടി. എസ്. പി) | | 138000 | 138000 | 138000 | | |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | | 5764000 | 5764000 | 1204467 | 788874 | 3770659 |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 4613000 | 4613000 | 2348038 | 0 | 2264962 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | 3251000 | 3251000 | 1702119 | 0 | 1548881 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ സി ഡി എസ് | 570348 | 628882 | 1199230 | 4299054 | 769326 | |
| സ്വച്ച് ഭാരത് മിഷൻ | 232000 | 0 | 232000 | 36000 | 196000 | |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ബേസ്ഡ് ഗ്രാന്റ് | | | | | | |
| റർബൺ മിഷൻ | 43032150 | 400151 | 43432301 | 40745011 | 2687290 | |
| അങ്കണവാടി കുടിവെള്ള പദ്ധതി | 10000 | 0 | 10000 | 6640 | 3360 | |
| ശുചിത്വമിഷൻ | 26166 | 0 | 26166 | | 26166 | |

ഗ്രാമ പഞ്ചായത്തിന് ലഭിച്ച വിവിധ ഗ്രാന്റുകൾ വിനിയോഗിക്കാത്തത് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിന് മുൻ വർഷങ്ങളിൽ ലഭിച്ച വിവിധ ഗ്രാന്റുകൾ പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ലഭിച്ചവർഷം | 31-03-2021 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | അംഗൻവാടി കെട്ടിട നിർമ്മാണം | 2018-19 | 15,725 |
| 2 | അജൈവ മാലിന്യ കെട്ടിട നിർമ്മാണം (ശുചിത്വമിഷൻ ഫണ്ട്) | 2017-18 | 70000 |
| 3 | മണ്ടേൻകാവ് കോളനി കിണർ നിർമ്മാണം (ജില്ലാ പഞ്ചായത്ത്) | 2018-19 | 7,00,000 |

പ്രത്യേക ആവശ്യത്തിന് അനുവദിച്ചതുക പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അവശേഷിക്കുന്ന തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടക്കുകയോ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് ചെലവ് ചെയ്യേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 33174686 | 76 | 17916172 | 46 | 30 | 50 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3013 | 694380 | 697393 | 696359 | 1034 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10674861 | 10674861 | 10674861 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1281000 | 227 |

| | | |
|---|---|---|
| വിധവാപെൻഷൻ | 4272600 | 732 |
| വാർദ്ധക്യകാലപെൻഷൻ | 7449000 | 1381 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 1147700 | 196 |
| വിവാഹധനസഹായം | 210000 | 7 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 851400 | 144 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)0 വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-03-2021തീയതിയിൽ സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 63129 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൃത്യമായി ചേരുകയും ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. പകർച്ചവ്യാധി പ്രതിരോധം, മഴക്കാല പൂർവ്വ ശുചീകരണം, പ്രളയ ദുരിതാശ്വാസ പ്രവർത്തനം എന്നിവ സർക്കാർ തീരുമാനത്തിന്റെ ഭാഗമായി നടത്തുന്നതിനായും, നിയമസഭാ സമ്മേളനം നടക്കുന്ന കാലയളവിലും അവധി ദിവസങ്ങളിൽ ജീവനക്കാർ ഓഫീസിൽ ഹാജരാകുന്നുണ്ട്. റർബൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന തെരുവു വിളക്കുകളുടെ പ്രവൃത്തി വിലയിരുത്തുന്നതിനായി ജീവനക്കാരെ നിയോഗിക്കുകയും, ഓണം അവധി പോലുള്ള ദീർഘകാല അവധി ദിവങ്ങളിൽ നടക്കുവാൻ സാധ്യതയുള്ള അനധികൃത കെട്ടിട നിർമ്മാണം കണ്ടെത്തി നടപടി സ്വീകരിക്കുന്നതി നായി ജീവനക്കാരെ ചുമതലപ്പെടുത്തു കയും , കേരളോത്സവ നടത്തിപ്പ് സുഗമമാക്കുന്നതിനു വേണ്ടി മത്സര വേദികളിൽ ചുമതല കൊടുത്തും പഞ്ചായത്തിൽ നടക്കുന്ന ജനോപകാര പ്രദമായ എല്ലാ പ്രവർത്തനങ്ങളിലും ജീവനക്കാരുടെ സാന്നിധ്യം ഉറപ്പു വരുത്തുന്നത് അഭിനന്ദനീയമാണ്. നികുതി - നികുതിയേതര വരുമാനം 100% പിരിച്ചെടുക്കുന്നതിനായും, കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ നടപ്പിലാക്കുന്നതിനായും നടത്തിയ പ്രവർത്തനങ്ങൾ , കോവിഡ് 19 റിപ്പോർട്ട് ചെയ്യതിന്റെ പശ്ചാത്തലത്തിൽ ജീവനക്കാരുടെ ജോലി സമയം സംബന്ധിച്ച് നടത്തിയ ക്രമീകരണങ്ങളും എടുത്തു പറയത്തക്ക താണ്.

പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങളുടെ പുരോഗതി പഞ്ചായത്തിൽ വരുന്ന പൊതു ജനത്തെ അതാതു സമയം അറിയിക്കു ന്നതിനായി റർബൻ മിഷൻ സഹായത്തോടെ കിയോസ്ക് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഈ സംവിധാനത്തെക്കുറിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ പഞ്ചായത്ത് ഉചിതമായ നടപടികൾ കൈക്കൊണ്ടതായി കാണുന്നില്ല. അതുകൊണ്ടു തന്നെ പൊതുജനത്തിന് ഇതിന്റെ പ്രയോജനം ലഭ്യമാവുന്നില്ല എന്നതിന് കൂടുതൽ ശ്രദ്ധ ആവശ്യമുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-02-2021 | 01-12-2020 മുതൽ 31-01-2021 വരെ | N1122/17(2) Dated 19-02-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-08-2005 മുതൽ 09-09-2005വരെ | 1997- 98മുതൽ 2004-05 വരെ | LBA(HQ)111/82-860/566 Dated 27-09-2005 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1- സ്ഥാപനത്തിന്റെ ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

കരാറുകാർ ബിൽ സമർപ്പിച്ച് ഫൈനൽ ബിൽ നൽകാത്ത മരാമത്ത് പ്രവർത്തികളുടെ തുക ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

2- അഡ്വാൻസ് രജിസ്റ്ററിലെ തുകകൾ B -18 Loans Advances And Deposit Schedule ആയി പൊരുത്തപ്പെടുന്നില്ല.

| Code No | ഇനം | B -18 Schedule | രജിസ്റ്റർ |
|---|---|---|---|
| 460500202 | Advance To Implementing Agencies Deposit With KSEB | 7025479 | 10000867 |
| 460500201 | Advance To Implementing Agencies Deposit With KWA | 24828805 | 24798000 |
| | Advance To Implementing Agencies Deposit With Ground Water Department | 0 | 316730 |

3-കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോണിന് മുൻകൂർ നൽകിയ തുക അഡ്വാൻസ് ശീർഷകത്തിൽ കാണിക്കാതെ ചെലവ് ശീർഷകത്തിലാണ് കാണിച്ചത്.

( ബിൽ19220452004601215860 തീയതി : 6.2.2020. 5000/- രൂപ

വാച്ചർ നം.2190091 തീ24.2.2020 49855/- രൂപ )

4- പഞ്ചായത്തിന് വേണ്ടി സൃഷ്ടിച്ച ആസ്തികൾ പ്രസ്തുത ശീർഷകത്തിൽ രേഖപ്പെടുത്തുന്നില്ല. ഉദാഹരണം താഴെ ചേർക്കുന്നു

1- കോട്ടയം പി എച്ച് എസി ഫ്ലോറിംഗ് , പ്ലംബിംഗ് പ്രവർത്തി 1278275/-

2- കോട്ടയം പി എച്ച് എസി ഡൈനിംഗ് ഹാൾ നിർമ്മാണം 434985/-

3- ഡ്രെയിനേജ് പ്രവർത്തികൾ 6049400/-

## 1-12 തൊഴിൽ നികുതി- യഥാർത്ഥ വരുമാനം കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ ) ചട്ടം 14 ,16 പ്രകാരം ആഫീസ് മേധാവിയിൽ നിന്നും ജീവനക്കാരുടെ വരുമാനം സംബന്ധിച്ച വിവരം ഫാറം നമ്പർ Ii പ്രകാരവും ചട്ടം 10 പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ഏതെങ്കിലും കമ്പനിയോ വ്യക്തിയോ തൊഴിൽ നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനാണെന്ന് അഭിപ്രായമുള്ള പക്ഷം നോട്ടീസ് നൽകി ഫോറം Vi പ്രകാരവും വരുമാനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി നിർണയിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ ജീവനക്കാരുടെ വരുമാനം സംബന്ധിച്ച വിവരങ്ങൾ ഫാറം Ii ൽ ശേഖരിച്ച് നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ 13 സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് ഫാറം Viപ്രകാരമുള്ള വരുമാനം സംബന്ധിച്ച വിവരം ശേഖരിച്ചു കാണുന്നത്. രജിസ്റ്റർ പ്രകാരം ആകെ 418 വ്യാപാരികൾക്ക് തൊഴിൽ നികതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഫാറം Vi പ്രകാരം വരുമാനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല. ആയതിനാൽ വരുമാനം കണക്കാക്കാതെ എപ്രകാരമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തത് എന്ന് വ്യക്തമല്ല. ഫാറം Vi പ്രകാരം ഉള്ള വിവരം ശേഖരിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഫീൽഡ് തല പരിശോധന വേളയിൽ അന്വേഷണ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന വരുമാനം സംബന്ധിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതെന്നും ഭാവിയിൽ ലൈസൻസിനായി സ്ഥാപനത്തെ സമീപിക്കുന്ന മുഴുവൻ പേരിൽ നിന്നും ഫാറം Vi പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് ശേഖരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വരുമാനം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിലവിൽ ലൈസൻസിനായി സ്ഥാപനത്തെ സമീപിക്കുന്ന വ്യാപാരികളിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തുവരുന്നത്. ഇത് ഉചിതമായ നടപടിയല്ല. പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമില്ലാതെ പ്രവർത്തിക്കാവുന്ന വ്യവസായ സ്ഥാപനങ്ങളിൽ നിന്നും (ഉദാഹരണമായി വ്യവസായ വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും

അംഗീകാരമുള്ള 5 HP യിൽ താഴെ ശേഷിയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകൾ) നിയമപരമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

ഓഡിറ്റ് വർഷത്തെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി രജിസറ്റർ എന്നിവ പ്രകാരം ആകെ 431 സ്ഥാപനങ്ങനങ്ങൾക്ക് തൻവർഷം ലൈസൻസ് അനുവദിക്കുകയും 418 വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടുമുണ്ട്. സഞ്ചയയിലെ അസസ്സെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ആകെ 1184 കെട്ടിടങ്ങൾക്ക് വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണയം നടത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 503 കെട്ടിങ്ങൾ ഇത്തരം ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കിയുള്ള 681 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളും, കെട്ടിടങ്ങളും ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകേണ്ടതാണ്. നിലവിൽ ഇപ്രകാരം നോട്ടീസ് നൽകിയിട്ടില്ല.ആയതിനാൽ ഗാർഹികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ പഞ്ചായത്തിൽ ലഭിക്കാതെ പോവുകയും തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട വരുമാനം ലഭ്യമാകാതെ പോവുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. ആയതിനാൽ സെക്ഷൻ 205 (ബി) പ്രകാരം നികുതിക്ക് വിധേയവരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ആവശ്യപ്പെടേണ്ടതും മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കൽ- ഒറ്റതവണ നികുതി അടച്ചരേഖകൾ ആവശ്യപ്പെടേണ്ടതാണ്

ജി.ഒ.(എം.എസ്) നം. 231/15/തസ്വഭവ തീയതി 9-7-15 പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ 1975ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റതവണ നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷം പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ ചില കെട്ടിടങ്ങളുടെ ഒറ്റതവണ നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നം | തറവിസ്തീർണം |
|---|---|---|---|
| 1 | സൗജത്ത് പി പി | 10/90A | 324.34 |
| 2 | പറക്കോടൻ ഇബ്രാഹിം, പറക്കോടൻ മുസ്തഫ | 2/324A | 327.56 |
| 3 | ഇ കെ മുംതാസ് | 8/393 B | 293.93 |
| 4 | മുഹമ്മദ് ഷാനിദ്, പിപി ഷംന | 2/135A | 297.7 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ (നം 7 തീയതി 9-3-21) മറുപടിയിൽ ശ്രദ്ധക്കുറവ് കൊണ്ടാണ് ചില കെട്ടിടങ്ങൾക്ക് പ്രസ്തുത രേഖകൾ ലഭ്യമാക്കാതെ നികുതി ഈടാക്കി നമ്പർ അനുവദിച്ചതെന്നും ന്യൂനത ആവർത്തിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലെ ഖണ്ഡിക 2 പ്രകാരം ആഡംബരനികുതി ബാധകമായ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒടുക്കുന്നതിന് മുൻധനകാര്യ വർഷത്തെ ആഡംബരനികുതി ഒടുക്കിയതിന്റെ രസീതിന്റെ പകർപ്പ്

ഹാജരാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 ഉപചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുമ്പോൾ കെട്ടിട ഉടമസ്ഥൻ അത് സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും ആ കെട്ടിടം പൊളിച്ചുകളയുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടാവുന്ന വസ്തുനികുതി നൽകാൻ ഉടമസ്ഥൻ ബാധ്യസ്ഥനാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷം ഇപ്രകാരം പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി ലഭിച്ച അപേക്ഷകളിൻമേൽ ചട്ടപ്രകാരമുള്ള നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് വിവരങ്ങൾ പരിശോധിച്ചതിൽ 2019-20 ഒന്നാം അർദ്ധവർഷം തന്നെ കെട്ടിടം പൊളിച്ച കളഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 2019-20 വർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായാണ് കാണുന്നത്.ഈടാക്കിയ നികുതി അഡ്വാൻസ് ആയും രേഖപ്പെടുത്തിയിട്ടുണ്ട്..ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷ നം ,തീയതി | കെട്ടിട നം | കെട്ടിട ഉടമസ്ഥൻ | ഈടാക്കിയ നികുതി | സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ |
|---|---|---|---|---|---|
| 1 | സി3/5437/1919-12-19 | 7/165 | ഉസ്സ പി പി | 464 | 2019 -20 ഒന്നാം അർദ്ധവർഷം കെട്ടിടം പൊളിച്ച കളഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2019-20 വർഷത്തെ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. ബാലൻസിൽ അധികം തുക അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് |
| 2 | ബി1/5209/19 5/12/19 | 13/29 | വേലാണ്ടി നാണി | 13 | |
| 3 | ബി1/5344/19 13/12/19 | 12/310 | സുഹറ പി കെ | 20 | |
| 4 | സി1/5033/1921-11-19 | 13/253 | പുഞ്ചക്കര പ്രകാശൻ | 24 | |

യഥാർത്ഥത്തിൽ തൻവർഷത്തെ ഡിമാന്റ്, കല്ക്ഷൻ ആയി രേഖപ്പെടുത്തേണ്ട തുക ഡിമാന്റിൽ നിന്നും ഒഴിവാക്കി അഡ്വാൻസ് ആയി രേഖപ്പെടുത്തിയത് ശരിയായ നടപടിയല്ല. മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം .20തീയതി 17-3-2021) ലഭ്യമാക്കിയ മറുപടിയിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-16 പി എച്ച് സി കോൺഫറൻസ് ഹാളിലേക്ക് മൈക്ക് സെറ്റ് വാങ്ങൽ- ടെണ്ടർ രേഖകൾ ലഭ്യമല്ല.49388 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ടിന്റെ പേര് : പി എച്ച് സി കോൺഫറൻസ് ഹാളിലേക്ക് മൈക്ക് സെറ്റ് വാങ്ങൽ

പ്രോജക്ട് നമ്പർ : 164/20

അടങ്കൽ : 6372/-വികസനഫണ്ട് (പൊതുവിഭാഗം)

: 13268 /-തനത് ഫണ്ട്

: 31000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് : 31000/-.ബിൽ നമ്പർ 19/19-20 തീയതി 25-03-2020

:6372/-ബിൽ നമ്പർ 23/19-20 തീയതി 30-03-2020

: 12016/- ചെക്ക് നം13039 തീയതി 19-03-20

മേൽ പ്രോജക്ട് പ്രകാരം 49388രൂപ ചെലവഴിച്ച് പ്യൂപിൾ റേഡിയോ സർവീസ് എന്ന സ്ഥാപനത്തിൽ നിന്നും പി എച്ച് സി കോൺഫറൻസ് ഹാളിലേക്ക് മൈക്ക് സെറ്റ് വാങ്ങിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.11.2010 തീയതിലെ GO(P)259/2010 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖയനുസരിച്ച് മതിപ്പുവില 25000 മുതൽ 99999 രൂപ വരെയുള്ള സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുണ്ട്.എന്നാൽ പ്രസ്തുത മൈക്ക് സെറ്റ് വാങ്ങുന്നതിന് മുമ്പ് അപ്രകാരം ടെണ്ടർ ക്ഷണിച്ചതായി കാണുന്നില്ല. കൂടാതെ 2019-20 വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ്,ഭരണസമിതി മീറ്റിംഗ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ മൈക്ക് സെറ്റ് വാങ്ങുന്നതുമായി ബന്ധപ്പെട്ട് യാതൊരു തീരുമാനവും കൈക്കൊണ്ടതായി കാണുന്നില്ല. കൂടാതെ സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകളും ലഭ്യമല്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16- തീയതി 15-3-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിച്ചതിനാൽ 49388 രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 ക്യാഷ് ബുക്ക് സൂക്ഷിപ്പിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്റിനറി സർജൻ

ജി ഒ (പി) നം 177/2006/ഫിൻ തീയതി 2-4-2006 ഖണ്ഡിക 18.3,18.5 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7 -എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട് മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന ഫണ്ടിന്റെയും ചെക്ക്/ഡി ഡി ഉൾപ്പെടെയുള്ള വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ ഓഡിറ്റിനു ലഭ്യമാക്കിയ ടി ആർ 7 -എ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 2019-20 വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ചെക്ക് മുഖേന ലഭ്യമായ തുകയുടെ വരവ് ചെലവ് വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം,തീയതി | തുക | പ്രോജക്ട് നം |
|---|---|---|---|
| 1 | 5540066/12-2-20 | 133740 | 77/19-20 |
| 2 | 12986/12-03-20 | 80839 | 77/19-20 |
| 3 | 1624097/30-03-20 | 73283 | 31/19-20 |
| 4 | 1624095/23-3-20 | 40000 | 28/19-20 |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന ഫണ്ടിന്റെ ചെക്ക്/ഡി ഡി ഉൾപ്പെടെയുള്ള വരവ് ചെലവ് വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്ന്.

## 1-18 അംഗൻവാടി പ്രവർത്തനം- അവലോകനം

പഞ്ചായത്തിൽ ആകെ 19 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. ഇവയിൽ 14 എണ്ണത്തിനുസ്വന്തമായി കെട്ടിടമുണ്ട്. ഒരു അംഗനവാടിയുടെ പുതിയ കെട്ടിടത്തിന്റെ പ്രവർത്തി നടന്നുകൊണ്ടിരിക്കുകയാണ്. 2 എണ്ണം വാടക കെട്ടിടത്തിലും 2 എണ്ണം വാടകയില്ലാത്ത പൊതു കെട്ടിടത്തിലും പ്രവർത്തിക്കുന്നു. ഇതിൽ എല്ലാ അംഗനവാടികളും വൈദ്യുതീകരിച്ചവയും കുടിവെള്ളത്തിനായി സൗകര്യമുള്ളവയുമാണ്. സ്വന്തമായി കെട്ടടിടമുള്ള 14 അംഗനവാടികളിൽ 2 എണ്ണത്തിനുമാത്രമാണ് ശിശുസൗഹൃദ ടോയിലറ്റുകൾ പണിതിട്ടുള്ളത്. 19 അംഗനവാടികളിൽ 2 എണ്ണത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ല. എല്ലാവർഷവും മെയ് 10 നകം തദ്ദേശ ഭരണ

സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടകക്കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ് എന്ന് സർക്കുലർ നം.31055/ഡിസി2/2011/തസ്വഭവ 22.03.11 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിബന്ധന കർശനമായും പാലിക്കേണ്ടതാണ്.29-1-2018 ലെ സ ഉ (കൈ)നം11/2018/ത സ്വ ഭവ ഖണ്ഡിക7.8.2(1),(2) പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്ന പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്ഥലവും കെട്ടിടവും ലഭ്യമാക്കാൻ പ്രവർത്തിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അംഗനവാടികൾക്ക് അവ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 പദ്ധതികളുടെ മോണിറ്ററിങ്ങ് നടത്തിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ ഭാഗമായി കാർഷിക മേഖലയിൽ കൃഷി ഓഫീസർ 11 പദ്ധതികൾ (സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ) നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഒരു പദ്ധതിയും മോണിറ്ററിങ്ങ് നടത്തിയിട്ടില്ല. തൻവർഷം നടപ്പാക്കിയ പദ്ധതികളിൽ ഉൾപ്പെടുന്ന ഇടവിള കൃഷി വികസനം,നെൽകൃഷി വികസനം, കുരുമുളക് കൃഷി വിസ്തൃതി വ്യാപനം, വാഴകൃഷി വികസനം ,ജൈവ പച്ചക്കറികൃഷി വ്യാപനം എന്നിവ കൃത്യമായി മോണിറ്ററിങ്ങ് ചെയ്യപ്പെടേണ്ട പദ്ധതികളാണ്. ഇത്തരം പദ്ധതികളിൽ വിത്തുകൾ/ തൈകൾ വിതരണം ചെയ്തതോടുകൂടി പദ്ധതി അവസാനിച്ചതായാണ് വ്യക്തമാവുന്നത്. പദ്ധതികളുടെ യഥാർത്ഥ ലക്ഷ്യമായ ഉല്പാദന വർദ്ധനവ് കൈവരിച്ചിട്ടുണ്ടോ എന്ന വിലയിരുത്തൽ നടത്തുന്നില്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം ചൂണ്ടിക്കാട്ടി അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതുമാണ് (ഖണ്ഡിക 1-17,1-18,1-19 കാണുക). എന്നാൽ തുടർന്നും ഇതേ അപാകം ആവർത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. 29-1-2018ലെ സ.ഉ (എം എസ്)11/2018/ തസ്വഭവ ഖണ്ഡിക 13 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതാണെന്നും മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും പ്രാദേശിക മോണിറ്ററിങ്ങിനായി സാമൂഹ്യാധിഷ്ഠിത സംഘടനകളെയും ജനകീയ കൂട്ടായ്മകളെയും ചുമതലപ്പെടുത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഓരോ പദ്ധിയുടെയും നിർവ്വഹണ പുരോഗതിയും ഭൗതികനേട്ടവും വിലയിരുത്തുന്നതിനായി ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാവേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-20 പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങു ന്നതിന് കെൽട്രോണിന് തുക അനുവദിച്ചിട്ടും ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല - 54855/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 8/20

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

വകയിരുത്തിയ തുക : 103000

വികസന ഫണ്ട് 5000,

തനതു ഫണ്ട് 98000

( ബിൽ നം19220452004601215860 തീയതി : 6.2.2020, 5000/- രൂപ

വാച്ചർ നം.2190091 തീ :24.2.2020 49855/- രൂപ).

CPRCS വെബ് സൈറ്റിലുള്ള Item No.5 Desktop Medium End Windows 10 Professional (Intel Processor ) 40469 രൂപയുടെ കമ്പ്യൂട്ടറും , Item No.2A4 Multi Function 14852 രൂപയുടെ Printer ഉം കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് പഞ്ചായത്ത് (ഭരണ സമിതി തീരുമാനം നം.211/19(6) തീ: 11.12.2020) തീരുമാനിച്ചു. അതിൻ പ്രകാരം 14726 രൂപ യുടെ പ്രിന്ററും (കെൽട്രോണിന്റെ ഇൻവോയ്സ് നം.TVM /ITBG/P1/RC/14353/19-20 തീ:23.1.2020 ) , 40129/- രൂപയുടെ കമ്പ്യൂട്ടറും (ഇൻ വോയ്സ് നം.TVM/ITBG/P1/RC/14345/19-20 തീയതി :31.1.2020 ) വാങ്ങുന്നതിനായി CPRCS പോർട്ടലിൽ നിന്ന് സാധനങ്ങൾ ലഭിക്കുന്നതിന് 54855/- രൂപ കോട്ടയം

ഗ്രാമ പഞ്ചായത്ത് മുൻകൂറായി ചെലവഴിച്ചിട്ടുണ്ട് എന്നാൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഇതുവരെ ലഭ്യമായതായി കാണുന്നില്ല. ഉപകരണങ്ങൾ ലഭ്യമാകാത്തതിന്റെ കാരണം അന്വേഷിച്ച് കൊണ്ട് നം. 2 തീ:6.3.2021 ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി നൽകിയ മറുപടിയിൽ , ഇക്കാര്യത്തിൽ ആദ്യ കാലങ്ങളിൽ കെൽട്രോണുമായി ആശയ വിനിമയം നടത്തിയപ്പോൾ കോവിഡ് 19 പശ്ചാത്തലത്തിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിന് തടസ്സം നേരിടുന്നുവെന്നാണ് അറിയിച്ചതെന്നും പിന്നീട് സാധനങ്ങളുടെ വിലയിൽ വ്യത്യാസം വന്നിട്ടുണ്ടെന്ന് കെൽട്രോൺ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിന് പഞ്ചായത്ത് വീണ്ടും റിക്വയർമെന്റ് സമർപ്പിച്ചിട്ടുണ്ടെന്നുമാണ്. ഉപരണങ്ങൾ എത്രയുംവേഗം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അനുവദിച്ച 54855/- രൂപ തടസ്സത്തിൽവെക്കുന്നു.

## 1-21 റിഫ്രഷ്മെന്റ് ചാർജ്ജ് അനുവദിച്ചത് : തുക തിരികെ ലഭ്യമാക്കേണ്ടതാണ്

കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി 1.2.2020 ന് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് വാർഡു തല ടീമിനുള്ള പരിശീലനം നടന്നിട്ടുണ്ട്. 150 പേർ പങ്കെടുത്ത പരിശീലന പരിപാടിയിൽ ചായ , ലഘു ഭക്ഷണം, ഉച്ച ഭക്ഷണം എന്നിവ നൽകിയതിന്റെ ചെലവായി ശ്രീമതി. സൗമിനി സി, ശ്രേയസ് കുടുബശ്രീ എന്നവർക്ക് തനതു ഫണ്ടിൽ നിന്നും 14550/- രൂപ വൗച്ചർ നം.21901071 തീയതി 31.3.2020 പ്രകാരം മുൻകൂറായി നൽകി. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 25.1.2020 ലെ സ(സാധാ) നം.179/2020/ തസ്വഭവ പ്രകാരം പരിശീലനത്തിനുള്ള ചെലവ് (ഭക്ഷണം പരിശീലന സാമഗ്രികൾ എന്നിവ) മറ്റു ചെലവുകൾ എന്നിവയ്ക്ക് മൊത്തം ഒരാൾക്ക് 120/- രൂപ നിരക്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് തനതു ഫണ്ടിൽ നിന്നു ചെലവാക്കാവുന്നതും പരിശീലനം പൂർത്തിയായതിനു ശേഷം പരിശീലനാർത്ഥികളുടെയും പരിശീല കന്റെയും ഒറിജിനൽ ഹാജർ ലിസ്റ്റ്, ചെലവു സംബന്ധിച്ച ഒറിജിനൽ വൗച്ചറുകളും ബില്ലുകളും എന്നിവ കിലയിലേക്ക് അയച്ചു നൽകുന്ന മുറയ്ക്ക് ചെലവു തുക അതതു തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിയുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് കിലയിൽ നിന്നും തിരികെ അനുവദിച്ചു നൽകുന്നതായിരിക്കും എന്നും വ്യക്തമാക്കുന്നുണ്ട്. കോട്ടയം ഗ്രാമ പഞ്ചായത്തിന് ഈയിനത്തിൽ ചെലവഴിച്ച തുക തിരികെ ലഭ്യമായിട്ടില്ല. ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/ 12.3.2021) തുക തിരികെ ഈടാക്കു വാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉടൻ ലഭ്യമാകുമെന്നുമാണ് അറിയിച്ചിട്ടുള്ളത്. തുക എത്രയും വേഗം ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-22 സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി - അതുല്യം;- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ;- 25000/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ് മാസ്റ്റർ

ജി എച്ച് എച്ച് എസ് എസ് കോട്ടയം മലബാർ

പ്രോജക്ട് നമ്പർ / പേര് -30/2020 സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി അതുല്യം

ബിൽ നമ്പർ തീയതി തുക- 04/16-01-2020 22,000/-

ബിൽ നമ്പർ തീയതി തുക- 12/31-03-2020 3,000/-

സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി രജിസ്ട്രേഷൻ ഫീയായി എസ് എസ് എൽ സി വിദ്യാർത്ഥികൾക്ക് 10 പേർക്ക് 1000 രൂപ വീതം 10000 രൂപയും, +1 വിദ്യാർത്ഥികൾക്ക് 10 പേർക്ക് 1500 രൂപ വീതം 15,000 രൂപയും, ആകെ 25,000 ഡയറക്ടർ കേരള സാക്ഷരത മിഷൻ തിരുവനന്തപുരത്തിന് നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ട്. ബിൽ നമ്പർ തീയതി തുക- 04/16-01-2020 22,000/- രൂപ ട്രഷറിയിൽ നിന്ന് നേരിട്ട് സാക്ഷരത മിഷൻ ഡയറക്ടർക്ക് നല്കുന്നതിന് പകരം ഹെഡ് മാസ്റ്റർ ജി എച്ച് എച്ച് എസ് എസ് കോട്ടയം മലബാർ എന്നവരുടെ പേരിലുള്ള ട്രഷറി സേവിംഗ് അക്കൌണ്ടിൽ ( 722041400000046) നിക്ഷേപിക്കുകയാണ് ചെയ്തത്. തുക 31-01-2020 ന് ബാങ്കിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ സബ്സിഡിയറി കാഷ് ബുക്കിൽ തുക 18-01-2020 ന് കൺവീനർ ടോട്ടൽ എഡ്യുക്കേഷൻ പ്രോഗ്രാം അതുല്യം എന്നവർക്ക് കൈമാറിയതായാണ് കാണിച്ചത്. ഡയറക്ടർ കേരള സാക്ഷരത മിഷൻ തിരുവനന്തപുരത്തിന്റെ കൈപ്പറ്റ് രശീത്, പഠിതാക്കൾക്ക് പുസ്തകങ്ങൾ ലഭിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 1/06.03.2021 മറുപടി നൽകിയിട്ടില്ല. ആയതിനാൽ 25000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 ആവശ്യപ്പെട്ട മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം. 73/20( സാന്ത്വന പരിചരണം)

വക . തുക :653000, വികസനഫണ്ട്:200000

ബ്ലോക്ക് വിഹിതം: 200000

ജില്ലാ പഞ്ചായത്ത് : 253000

ചെലവ് തുക : 599757, വി. ഫണ്ട്: 199973

ബ്ലോക്ക് വിഹിതം: 199785

ജില്ലാ പഞ്ചായത്ത് : 199999

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ കുടുംബാരോഗ്യ കേന്ദ്രം

മേൽ പ്രോജക്ടിനായി മരുന്നുകൾ ലഭ്യമാക്കുന്നതിലേക്കായി മെഡിക്കൽ സർവീസസ് കോർപ്പറേഷന് 199999/- രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് (ഇൻവോയ്സ് നം.PRF 3179 തീയതി:10.12.2019) മെഡിക്കൽ ഓഫീസർക്ക് അയച്ചു നൽകുകയും ഇൻവോയ്സിലുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി ബിൽ നം.12/17.2.2020 പ്രകാരം മെഡിക്കൽ സർവീസസ് കോർപ്പറേഷന് 199999/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ 55228.89/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമായതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| Item No (As Per Above Invoice) | Quantity | Amount |
|---|---|---|
| 5 | 1 | 4330.10 |
| 7 | 48 | 990.57 |
| 11 | 800 | 4230.72 |
| 15 | 300 | 4621.65 |
| 17 | 60 | 7243.12 |
| 21 | 1000 | 9966.60 |
| 25 | 500 | 4028.45 |
| 27 | 5 | 1335.82 |
| 36 | 540 | 13993.50 |
| 37 | 600 | 4488.36 |
| | | 55228.89 |

മരുന്നുകൾ ലഭ്യമാകാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/15.3.2020) 55228.83 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനായി നിരന്തരം ബന്ധപ്പെടുന്നുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. സാന്ത്വന പരിചരണം പോലുള്ള പ്രോജക്ടിലെ മരുന്നുകൾ 15 മാസം പിന്നിട്ടിട്ടും ലഭ്യമായിട്ടില്ല എന്നത് ഗൗരവമേറിയ ഒരു വിഷയമായി കണ്ട് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടാകേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ-മോണിറ്ററിംഗ് ഘട്ടങ്ങൾ കാര്യക്ഷമമാക്കണം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 61 മരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭ്യമാക്കിയതെങ്കിലും 27 പ്രവൃത്തികൾക്കുള്ള തുക മാത്രമാണ് ട്രഷറിയിൽ നിന്നും തൻവർഷം പിൻവലിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 1.55 കോടി രൂപയിൽ 50.21 ലക്ഷം രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. 32.32% മാത്രമാണ് തൻവർഷത്തെ ചെലവ്. അസിസ്റ്റന്റ് എഞ്ചിനിയർ 12/2019 (1), 01/2020 (6)2/2020,(19) 3/2020(6) മാസങ്ങളിൽ ട്രഷറിയിൽ സമർപ്പിച്ച 80 ലക്ഷം രൂപയിൽ അധികം മൂല്യം വരുന്ന 32 ബില്ലുകൾ ട്രഷറിയിൽ നിന്നും മാറാതിരുന്നതിനാൽ ക്യൂ ബില്ലുകളായി മാറിയിട്ടുണ്ട്. തൻവർഷത്തെ ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവുണ്ടാകുവാനുള്ള പ്രധാന കാരണം ഇതാണ്.

ഓഡിറ്റ് നിർദ്ദേശം

1.സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.

2.സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.വികസന സ്റ്റാന്റിംഗ് കമ്മിറ്റി, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്.

4. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ

| | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 08.03.2021 മുതൽ 09.03.2021 വരെ | കെ.എസ്.എ./കെ.എൻ.ആർ./ സി.8/422/2021. തീയ്യതി: 2021 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| | സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം ലഭിച്ചത് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജോയിൻറ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 6,84,848 | 10,32,500 | 16,87,348 | 11,87,301 | 53,00,47 |
| | ജില്ലാ പഞ്ചായത്ത് | 8,69,483 | 20,000 | 8,89,483 | 22,546 | 8,66,937 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന്

28,805രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുവപ്പടി അംഗൻവാടി കുടിവെള്ള കണക്ഷൻ | വൌച്ചർ നമ്പർ 21900913/ 24-02-2020 | 6640/- | തുക വിനിയോഗിച്ചിട്ടില്ല | 6640/- |
| കേരള വാട്ടർ അതോറിറ്റി | വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | വൌച്ചർ നമ്പർ 21900931/ 27-02-2020 | 22165 | തുക വിനിയോഗിച്ചിട്ടില്ല | 22165 |
| | | ആകെ | 28805 | | 28805 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവൊന്നുമില്ല

## 4-8 സമാഹൃത ഓഡിറ്റ റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരങ്ങൾ

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2013-14,2014-15 | 2-1 | 2016-17 | ഖ.1, അനുബന്ധം -3 | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു |
| 2013-14,2014-15 | 3-8 | 2014-15 | 4.3.2.7 | ക്ഷേമ പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് / സർചാർജ് നടപടികൾ സംബന്ധിച്ച വിവരങ്ങൾ

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,40,18,212.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,33,18,200.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 129243 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 49388 | ഡോ.വിനീത ജനാർദ്ദനൻ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 1-20 | 54855 | ശ്രീമതി മഞ്ജുഷ പി.എൻ., സെക്രട്ടറി |
| 1-22 | 25000 | ശ്രീമതി ലളിത പി.വി., ഹെഡ്മിസ്ട്രസ്സ് |
| ആകെ | 1,29,243 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.വിനീത ജനാർദ്ദനൻ | മെഡിക്കൽ ഓഫീസർ, | അഞ്ജലി |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ | പി.എച്ച്.സി, കോട്ടയം | പി.ഒ.കോട്ടയംപൊയിൽ |
| ശ്രീമതി മഞ്ജൂഷ പി.എൻ. | സെക്രട്ടറി, കോട്ടയം ഗ്രാമപഞ്ചായത്ത് | ശ്രീലകം, നറവൂർ പി.ഒ. കൂത്തുപറമ്പ് |
| ശ്രീമതി ലളിത പി.വി., ഹെഡ്മിസ്ട്രസ്സ് | വിരമിച്ച | നിയർ ലയൺസ് ക്ലബ് കൂത്തുപറമ്പ് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളെ സംബന്ധിച്ചുള്ള വിവരങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2009-10,2010-11 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/736/2019/28-05-2019 | 3 |
| 2011-12,2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/736/2019/28-05-2019 | 1 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/736/2019/28-05-2019 | 4 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/736/2019/28-05-2019 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/736/2019/28-05-2019 | 1 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/446/2019/15-06-2019 | 16 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/102/2020/28.02.2020 | 10 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kottayam Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 48568791.00 |
| Cash | Cash | RP-40(a) | 25281.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 581040.00 |
| 130000000 | Rental income from Panchayat Properties | RP-3 | 13590.00 |
| 140000000 | Fees & User Charges | RP-4 | 713790.00 |
| 150000000 | Sale & Hire Charges | RP-5 | 135980.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 22114239.00 |
| 171000000 | Interest Earned | RP-9 | 131166.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3340459.00 |
| 350000000 | Other Liabilities | RP-36 | 3237947.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 54828.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-29 | 18461.00 |
| 340000000 | Deposits Received | RP-34 | 93911.00 |
| 350000000 | Other Liabilities | RP-36 | 196004.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3360308.00 |
| 460000000 | Loans, Advances and Deposits | RP-47 | 26489.00 |
| | Grand total | | 82612284.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2738393.00 |
| 220000000 | Administrative Expenses | RP-12 | 566377.00 |
| 230000000 | Operations & Maintenance | RP-13 | 573427.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2210550.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13268155.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 401497.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 276725.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 524800.00 |

| | | | |
|---|---|---|---|
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 4028080.00 |
| | | | |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 30000.00 |
| 280000000 | Prior Period item | RP-26 | 51983.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 104368.00 |
| 350000000 | Other Liabilities | RP-36 | 9820555.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 802.00 |
| 280000000 | Prior Period Item | RP-26 | -3600.00 |
| 311000000 | Earmarked Funds | RP-29 | 25000.00 |
| 340000000 | Deposits Received | RP-34 | 25850.00 |
| 350000000 | Other Liabilities | RP-36 | 2001294.00 |
| 410000000 | Fixed Assets | RP-38 | 35332963.00 |
| 412000000 | Capital work in Progress | RP-40 | 409598.00 |
| 460000000 | Loans, Advances and Deposits | RP-47 | 931383.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9285724.00 |
| Cash | Cash | RP-40(b) | 8360.00 |
| | Grand Total | | 82612284.00 |

## Annex3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kottayam Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3828324.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 196082.00 |
| 140000000 | Fee & User Charges | I-4(b) | 1002790.00 |
| 150000000 | Sale & Hire Charges | I-5(b) | 137480.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 56694002.00 |
| 171000000 | Interest Earned | I-8 | 131166.00 |
| 180000000 | Other Income | I-9 | 93751.00 |
| | Total Income | | 62083595.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9102279.00 |
| 220000000 | Administrative Expenses | I-11(b) | 706018.00 |
| 230000000 | Operations & Maintenance | I-12(b) | 838793.00 |
| 240000000 | Interest & Finance Charges | I-13 | 802.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2882020.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 25219763.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 476497.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 276725.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 15526500.00 |
| 255000000 | Maintenance Projects | I-14(e) | 4028080.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 30000.00 |
| 272000000 | Depreciation | I-17(a) | 14752471.00 |
| | Total Expenditure | | 73839948.00 |
| | Gross Surplus/ Deficit of income over Expenditure | | -11756353.00 |
| 280000000 | Prior Period Item | I-18 | 120003.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -11876356.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| Kottayam Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -32809461.97 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 26915.00 |
| 312000000 | Reserves | B-3 | 116129655.00 |
| | Total Reserve & Surplus | | 83347108.03 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 37039210.00 |
| | Total Grants, Contributions for Specific Purposes | | 37039210.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 160771.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2552614.97 |
| | Total Current Liabilities and Provisions | | 2713385.97 |
| | TOTAL LIABILITIES | | 123099704.00 |
| | | | |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 121455025.00 |
| 411000000 | Accumulated Depreciation | B-11 | -40292028.00 |
| 412000000 | Capital Work in Progress | B-11(a) | 400000.00 |
| | Total Fixed Assets | | 81562997.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 123585.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 9294084.00 |
| 460000000 | Loans, Advances and Deposits | B-18 | 32119038.00 |
| | Total Current Assets, Loans and Advances | | 41536707.00 |
| | | | |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 123099704.00 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.